ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
0471 2561307

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം-സാങ്കേതികം ക്യൂ.ഐ.പിഡെപ്യൂട്ടേഷൻ (2021-2022)പിഎച്ച്ഡി അഡ്മിഷൻ പൂർത്തീകരിച്ച സർക്കാർ പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം ലക്ചററർക്ക്-പുനർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (സി) വിഭാഗം**

DTETVM/3260/2024-EC2 (EC) 11-09-2024

---

വായന :- 1.25.08.2021 ലെ സർക്കാർ ഉത്തരവ് നമ്പർ G.O (Rt) No. 1106/2021/H.Edn.
2.13.09.2021 തിയതിയിലെ ഈ ഓഫീസിലെ നടപടിക്രമം നം.L2/532/21/DTE.
3.ക്യു.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം ഉപരിപഠനം നടത്തുന്ന സർക്കാർ പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം ലക്ചററർ ശ്രീ.സച്ചിൻരാജ്.പി.വി യുടെ അപേക്ഷ

**<u>ഉത്തരവ്</u>**

വായന(1),(2)ലെ ഉത്തരവുകൾ പ്രകാരം, സർക്കാർ പോളിടെക്നിക് കോളേജിലെ **മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം** ലക്ചറർ ആയ ശ്രീ.സച്ചിൻരാജ്.പി.വിയ്ക്കു, ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം പിഎച്ച്ഡി കോഴ്സ് (2021-2022 അഡ്മിഷൻ) ഉപരിപഠനത്തിനായി അനുമതി നൽകുകയുണ്ടായി. ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ജീവനക്കാരൻ പുനർനിയമനത്തിനായി വായന(3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ,മെക്കാനിക്കൽ വിഭാഗം ലക്ചറർ ആയ ശ്രീ.സച്ചിൻരാജ്.പി.വി യ്ക്ക് താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം പുനർ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, സ്ഥാപനം,<br>ക്യൂ.ഐ.പി സെന്റർ | പുനർ നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1. | **ശ്രീ.സച്ചിൻരാജ്.പി.വി**<br>**(PEN:804322)**<br>ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്,<br>ഗവ പോളിടെക്നിക് കോളേജ്,മട്ടന്നൂർ,<br>**(QIP centre: NIT ,Tiruchirappalli )** | **സർക്കാർ പോളിടെക്നിക് കോളേജ്, മട്ടന്നൂർ**<br>(തുറന്ന ഒഴിവിൽ) |

- ക്യൂ.ഐ.പി ഡെപ്യൂട്ടേഷനായി മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിൻപ്രകാരം മേൽ ജീവനക്കാരൻ ജോലിയിൽപുന:പ്രവേശിക്കേണ്ടതാണ്

- ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തീകരിച്ചതും, എന്നാൽ കോഴ്സ് പൂർത്തീകരിക്കാത്തതുമായ ജീവനക്കാർ, ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്യൂ.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത്, വിടുതൽ സർട്ടിഫിക്കറ്റ് സഹിതം പുനർ നിയമനം നൽകപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ശേഷം ടി ഉദ്യോഗസ്ഥർ അർഹതപ്പെട്ട അവധിയെടുത്ത് കോഴ്സ് പൂർത്തീകരിക്കേണ്ടതും, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ, സ്ഥാപനമേധാവി മുഖേന ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.

- എന്നാൽ മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത ഡെപ്യൂട്ടേഷൻ കാലയാളവ് പൂർത്തിയാകുന്നതിനു മുൻപ് (Late admission) കോഴ്സ് പൂർത്തീകരിക്കുന്ന ജീവനക്കാർ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക്, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥനെ, പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിലെ സ്ഥപനമേധാവികൾ,ബന്ധപ്പെട്ട ജീവനക്കാരൻറെ ക്യൂ.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ്/കോഴ്സ് പൂർത്തീകരിച്ച സാക്ഷ്യപത്രം പരിശോധിച്ച് പുന:പ്രവേശനം അനുവദിക്കേണ്ടതും,ടിയാളുടെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ് .

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ബന്ധപ്പെട്ട ജീവനക്കാരൻ (വെബ് സൈറ്റ് മുഖാന്തിരം).
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (വെബ് സൈറ്റ് മുഖാന്തിരം).
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള ബ്രാഞ്ച്, എസ്. എച്ച് മൗണ്ട്, പി.ഓ, നാഗപടം, കോട്ടയം.
4. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ.
5. ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.

**Signed by Shalij P R**
**Date: 11-09-2024 15:20:23**